**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ഫവാസ് ഷമീം ടി.കെ. സ്ഥലംമാറ്റം സംബന്ധിച്ച് സമർപ്പിച്ച നിവേദനം തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.3781/2017/തസ്വഭവ                    തീയതി, തിരുവനന്തപുരം, 24.11.2017

---

പരാമർശം: 1. കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീ. ഫവാസ് ഷമീം സമർപ്പിച്ച 24.06.2017-ലെ നിവേദനം (അനക്ഷർ എ 5)

2. ശ്രീ. ഫവാസ് ഷമീം ടി.കെ. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ സമർപ്പിച്ച ഒ.എ (ഇകെഎം) നം.1123/2017 നമ്പർ കേസിലെ 25.07.2017-ലെ വിധിന്യായം

3. പഞ്ചായത്ത് ഡയറക്ടറുടെ 14.09.2017-ലെ ഇ 1-21602/2017 നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീ. ഫവാസ് ഷമീം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ. 1123/2017 നമ്പർ കേസിൽ ബഹു. ട്രൈബ്യൂണൽ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ പരാതിക്കാരനായ ശ്രീ. ഫവാസ് ഷമീം അനക്ഷർ എ 5 ആയി സമർപ്പിച്ച അപേക്ഷയിൽ കോടതി വിധി ലഭിച്ച രണ്ടു മാസത്തിനുള്ളിൽ പരാതിക്കാരനെയും മൂന്നാം എതിർകക്ഷിയെയും നേരിൽ കേട്ട് തീർപ്പു കല്പിക്കുന്നതിനു ഉത്തരവാകുകയുണ്ടായി.

ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാതിക്കനെ നേരിൽ കേൾക്കുകയുണ്ടായി.

പരാതിക്കാരൻ മലപ്പുറം ജില്ലയിലെ തിരുനാവായ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി സേവനം അനുഷ്ഠിക്കവേ ടിയാൻ നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തു ഡയറക്ടറുടെ 02.06.2017-ലെ ഉത്തരവ് പ്രകാരം ടിയാനെ അത്തോളി ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റി എന്നും ടി പഞ്ചായത്തിൽ 05.06.2017-ൽ ചാർജെടുത്ത തന്നെ വീണ്ടും 14.06.2017-ലെ ഉത്തരവ് പ്രകാരം തന്റെ താമസ സ്ഥലത്തു നിന്നും വിദൂരത്തിലുള്ള കടലുണ്ടി ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റം നൽകിയെന്നും ഇപ്രകാരം തന്നെ 14.06.2017-ൽ വീണ്ടും സ്ഥലം മാറ്റിയത് ഇതു സംബന്ധിച്ച സർക്കാർ ഉത്തരവിനു വിരുദ്ധമാണെന്നും ആയതിനാൽ മേൽ ഉത്തരവ് റദ്ദു ചെയ്ത് തന്നെ അത്തോളി ഗ്രാമപഞ്ചായത്തിൽ തുടരാൻ അനുവദിക്കണമെന്നുമാണ് ടിയാൻ അനക്ഷർ എ 5 ആയി സമർപ്പിച്ച നിവേദനത്തിൽ ആവശ്യപെട്ടിട്ടുള്ളത്. ടിയാനെ നേരിൽ കേട്ടപ്പോഴും നിവേദനത്തിലെ ആവശ്യം തന്നെയാണ് ഉന്നയിച്ചത്. തനിക്കു വയസ്സായ മാതാപിതാക്കളും, കൊച്ചു കുട്ടികളും ഉള്ളതിനാൽ തന്റെ ആവശ്യം പരിഗണിക്കണമെന്നും ആവശ്യപ്പെടുകയുണ്ടായി. മൂന്നാം എതിർകക്ഷിയായ ശ്രീ. രാജീവനെ നേരിൽ കേട്ടപ്പോൾ താൻ പരാതിക്കാരനെക്കാൾ മുമ്പ് സേവനത്തിൽ പ്രവേശിക്കുകയും കൂടാതെ ട്രാൻസ്ഫർ ലിസ്റ്റിലും സീനിയർ ആണെന്നും ആയതിനാൽ തനിക്ക് തന്റെ താമസ സ്ഥലത്തിന് സമീപത്തുള്ള പഞ്ചായത്തായ അത്തോളി ഗ്രാമപഞ്ചായത്തിലേക്ക് തനിക്ക് സ്ഥലം മാറ്റം നൽകണമെന്നും ആവശ്യപ്പെടുകയുണ്ടായി.

ഈ വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ ശ്രീ. ഫവാസ് ഷമീം 2017-ൽ പൊതുസ്ഥലം മാറ്റത്തിനു നൽകിയ അപേക്ഷയിൽ കോഴിക്കോട് ജില്ലയിലെ നന്മണ്ട, നൊച്ചാട്, കട്ടിപ്പാറ എന്നി ഗ്രാമപഞ്ചായത്തുകളിലേക്കാണ് അപേക്ഷ നൽകിയിരുന്നത് എന്നും, എന്നാൽ ടി സ്റ്റേഷനുകളിൽ ഒഴിവില്ലാതെയിരുന്നതിനാലാണ് അത്തോളി ഗ്രാമപഞ്ചായത്തിൽ സ്ഥലം മാറ്റം നൽകിയത് എന്നും, എന്നാൽ പൊതുസ്ഥലംമാറ്റത്തിനായുള്ള ജീവനക്കാരുടെ പട്ടികയിൽ മുമ്പിലായിരുന്ന (നമ്പർ 33) ശ്രീ. രാജീവൻ അത്തോളി ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റം ആവശ്യപ്പെട്ടിരുന്ന വ്യക്തിയായിരുന്നു എന്നും ആയതിനാൽ പൊതുസ്ഥലംമാറ്റ പട്ടികയിൽ ക്രമപ്രകാരമല്ലാതെ ശ്രീ. രാജീവന്റെ സ്ഥാനം ഉൾപ്പെടുത്തിയിരുന്നതിനാലും കോഴിക്കോട് ജില്ലയിൽ മറ്റു ഒഴിവുകൾ ഇല്ലാതെയിരുന്നതിനാലുമാണ് 14.06.2017-ലെ ഉത്തരവിൽ ശ്രീ. ഫവാസ് ഷമീം (40 നമ്പർ) നെ കടലുണ്ടി ഗ്രാമപഞ്ചായത്തിലേക്കും ശ്രീ. രാജീവിനെ അത്തോളി ഗ്രാമപഞ്ചായത്തിലേക്കും സ്ഥലം മാറ്റം നൽകിയതെന്നും അറിയിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു പൊതുസ്ഥലംമാറ്റം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഒരു പ്രത്യേക സ്റ്റേഷനിൽ 3 വർഷം സർവീസ് പൂർത്തിയാക്കിയിട്ടില്ലാത്ത ഒരു ജീവനക്കാരനേയും അച്ചടക്കനടപടി, വിജിലൻസ് അന്വേഷണം, അനുകമ്പാർഹമായ സാഹചര്യം തുടങ്ങിയ കാരണങ്ങൾ കൊണ്ടല്ലാതെ സ്ഥലം മാറ്റേണ്ട ആവശ്യമില്ല എന്നാൽ ട്രാൻസ്ഫർ അപേക്ഷകരുടെ ലിസ്റ്റിൽ സീനിയർ ആയ ശ്രീ. രാജീവൻ (നമ്പർ 33) ആവശ്യപ്പെട്ട സ്ഥലത്തേക്ക് സ്ഥലംമാറ്റം നൽകാതെ ടി സ്ഥലത്തേക്ക് ടിയാന്റെ ജൂനിയറും അപേക്ഷകരുടെ ലിസ്റ്റിൽ 40-ാം നമ്പറുകാരനുമായ ശ്രീ. ഫവാസ് ഷമീമിനു ക്രമപ്രകാരമല്ലാതെ സ്ഥലമാറ്റം നൽകി എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് ശ്രീ. രാജീവനെ അത്തോളി ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലമാറ്റി പഞ്ചായത്ത് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചത്. ആയതിനാൽ പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവ് റദ്ദ് ചെയ്യേണ്ടതില്ല ഈ സാഹചര്യത്തിൽ ശ്രീ. ഫവാസ് ഷമീമിനെ ടിയാൻ ആവശ്യപ്പെട്ട ഏതെങ്കിലും സ്റ്റേഷനുകളിൽ നിലവിൽ ഒഴിവുണ്ടെങ്കിൽ അവിടെയോ അല്ലെങ്കിൽ പ്രസ്തുത സ്റ്റേഷനുകളിൽ ഇനി വരുന്ന ആദ്യത്തെ ഒഴിവിലോ നിയമിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (2) ലെ ഉത്തരവ് ഇപ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**

ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ. ഫവാസ് ഷമീം ടി.കെ (സെക്രട്ടറി, അത്തോളി ഗ്രാമപഞ്ചായത്ത്)
   തൊട്ടുപൊയിൽ വീട്, ഉണ്ണികുളം പി.ഒ, കോഴിക്കോട്-673 574
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
5. ഡയറക്ടർ, ഐകെഎം, തിരുവനന്തപുരം
6. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ